(2) ബധിരത—ജീവിതത്തിലെ സാധാരണ ആവശ്യങ്ങൾക്കുപോലും ശ്രവണശക്തിയില്ലാത്തവർ.

(3) അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ—അസ്ഥികളുടെയും (Bones) മാംസപേശികളുടെയും (Muscles) സന്ധികളുടെയും (Joints) സാധാരണ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന തരത്തിലുള്ള ഏതെങ്കിലും ഒരു ശാരീരിക ന്യൂനതയോ, വൈരൂപ്യമോ ഉള്ളവർ, ഉദ്യോഗാർത്ഥിക്കുള്ള ന്യൂനതയോ കുറവോ എന്താണെന്ന് സർട്ടിഫിക്കറ്റിൽ വ്യക്തമായി കാണിച്ചിരിക്കണം. (The orthopaedically handicapped are those who have a physical defect or deformity which causes adequate interference to significantly impede normal functioning of the bones, muscles and joints.)

(x) തിരുവനന്തപുരം ആഫ്റ്റർ കെയർ ഹോം പ്രൊട്ടക്ടീവ് യൂണിറ്റിൽനിന്നും പിരിച്ചുവിടപ്പെട്ടിട്ടുള്ളവർക്ക് അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ സർവ്വീസിനു തുല്യമായ കാലത്തോളം പ്രായപരിധിയിൽ ഇളവു നൽകുന്നതാണ്. പ്രസ്തുത ആനുകൂല്യം 6-2-1970-ലെ M.S. No.34/70/Home എന്ന ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിരിക്കുന്ന 41 പേർക്ക് മാത്രമായിരിക്കും ഉള്ളത്. അപേക്ഷകരുള്ളവർ അവരുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റ് തിരുവനന്തപുരം ആഫ്റ്റർ കെയർ ഹോം സൂപ്രണ്ടിൽനിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകളിൽ ഉദ്യോഗാർത്ഥികൾ [illegible] പറഞ്ഞിരിക്കുന്ന ഗവൺമെന്റ് ഉത്തരവിലെ പട്ടികയിൽ ഉൾപ്പെടുന്നവരാണെന്ന് വ്യക്തമാക്കിയിരിക്കണം.

(xi) സംസ്ഥാന ഗവൺമെന്റിന്റെയോ, കേന്ദ്ര ഗവൺമെന്റിന്റെയോ സഹായത്തിൽ [illegible] സേവന സംഘം ഏറ്റെടുത്തു നടത്തിയിരുന്ന ഏതെങ്കിലും പദ്ധതികളുടെ (Schemes) നിർവ്വഹണത്തിനു വേണ്ടി [illegible] സേവക സംഘം നിയമിച്ചിരുന്ന [illegible] നിയമനത്തിനു നിശ്ചയിച്ചിട്ടുള്ള [illegible] പക്ഷം, ഇവർക്ക് പ്രായപരിധിയിൽ നിന്ന് താഴെ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി [illegible] സേവക സംഘത്തിൽ [illegible] സേവനത്തിന് തുല്യമായ കാലത്തോളം ഇളവു നൽകപ്പെടുന്നതാണ്. (i) നിയമനത്തിന് അപേക്ഷകർ [illegible] പരമാവധി 40 വയസ്സ് കഴിഞ്ഞിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല (ii) ഈ ആനുകൂല്യം [illegible] [illegible] മെഡിക്കൽ എന്തെങ്കിലും പദ്ധതികളുടെ നിർവ്വഹണത്തിനായി നിയമിക്കപ്പെട്ട് ജോലി ചെയ്തിരുന്നവരായിരുന്നു എന്നു കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്, ഭാരത് സേവക സംഘത്തിന്റെ പ്രോജക്ട് ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xii) സിലോണിൽ നിന്നോ, ബർമ്മയിൽ നിന്നോ തിരിച്ചയക്കപ്പെട്ട ഭാരതീയ പൗരന്മാരെ പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്. സിലോണിൽ നിന്ന് തിരിച്ചയക്കപ്പെട്ടവർ സിലോണിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുടെ സാക്ഷ്യപത്രം ഹാജരാക്കണം. ബർമ്മയിൽ നിന്നുള്ളവർ രംഗൂണിലെ ഇന്ത്യൻ എംബസിയിൽ നിന്നോ, താമസിക്കുന്ന സ്ഥലത്തെ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിൽ നിന്നോ ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കണം. രംഗൂണിലെ ഇന്ത്യൻ എംബസിയിൽ നിന്ന് ഐഡന്റിറ്റി കാർഡു ലഭിച്ചിട്ടില്ലാത്തവർ താഴെ പറയുന്ന പ്രമാണങ്ങൾ ഹാജരാക്കിയാൽ മതിയാകും.

(എ) പാസ്പോർട്ട് ഓഫ് എമർജൻസി സർട്ടിഫിക്കറ്റ് (Passport of Emergency Certificate) അല്ലെങ്കിൽ യാത്രാപ്രമാണങ്ങൾ (Travel documents) ഈ പ്രമാണങ്ങളിൽ അവർ ഇൻഡ്യയിൽ വന്ന തീയതി ഉണ്ടായിരിക്കണം.

(ബി) രംഗൂൺ ഹെഡ്ക്വാർട്ടേഴ്സ് ആയിട്ടുള്ള ആൾ ബർമ്മ ഇൻഡ്യൻ കോൺഗ്രസ്സ് (All Burma Indian Congress) കൊടുത്തിട്ടുള്ളതോ അറ്റസ്റ്റ് ചെയ്തിട്ടുള്ളതോ ആയ കാർഡ്.

ഈ ആനുകൂല്യം 23-2-1974 വരെ മാത്രമേ പ്രാബല്യത്തിലുണ്ടായിരിക്കുകയുള്ളൂ.

(xiii) ഗവൺമെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതോ ഗവൺമെന്റിൽ നിന്ന് ഗ്രാന്റു ലഭിക്കുന്നതോ ആയ ഇതര ആഫ്റ്റർ കെയർ ഹോമുകളിലെയും (After Care Home) അനാഥാലയങ്ങളിലെയും (Orphanages) അന്തേവാസികൾക്ക്, അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ, പരമാവധി പ്രായപരിധിയിൽ നിന്ന് 40 വയസ്സുവരെ ഇളവു അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്ന അപേക്ഷകർ അവർ ടി വിഭാഗങ്ങളിൽ ഏതിലെങ്കിലും പെടുന്നവരാണെന്നു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.

(xiv) ഇൻഡോ-സ്വിസ്സ് പ്രോജക്ടിലെ തൊഴിലാളികൾക്ക്, (Labourers of the Indo-Swiss Project) അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ, പ്രസ്തുത പ്രോജക്ടിലെ അവരുടെ സർവ്വീസിനു തുല്യമായ കാലത്തോളം പ്രായപരിധിയിലുള്ള ഈ ആനുകൂല്യം ഉപയോഗപ്പെടുത്താനാഗ്രഹിക്കുന്ന പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾ അവരുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ ആ സ്ഥാപനത്തിലെ മേലധികാരിയിൽ നിന്ന് വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. നിശ്ചിത യോഗ്യതയുള്ള വിമുക്തഭടന്മാരും മറ്റു ഉദ്യോഗാർത്ഥികളും കമ്മീഷൻ നടത്തുന്ന ഏതെങ്കിലും സെലക്ഷനിൽ തുല്യമാർക്കാണ് ലഭിക്കുന്നതെങ്കിൽ വിമുക്തഭടന് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്.

4. [illegible] സേനയിൽ സേവനം അനുഷ്ഠിക്കവേ [illegible] മരിക്കുകയോ, സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ (Permanently disabled) ചെയ്ത ജവാന്മാരുടെ [illegible] എന്നാൽ [illegible] നിശ്ചിത യോഗ്യതയുള്ളപക്ഷം, നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [illegible]

[illegible] 1-4-1965-ലെ [illegible]

[illegible] 20 [illegible]

[illegible] (Next of kin) [illegible]

5. 2-ാം [illegible] 9-ാം [illegible] (Grace Mark) [illegible] 2-ാം [illegible] 9-ാം [illegible] (Physically handicapped) [illegible] 29-5-1973-ലെ [illegible] G. O. (P) No. 158/73/ PD Dated 29-5-1973 Public (Services-D)} [illegible]

6. [illegible] (Quasi Government Institutions) [illegible]

[illegible] (Copy) [illegible]

[illegible]

7. [illegible]

8. [illegible]

9. [illegible]

10. [illegible]

11. (എ) [illegible] 15 രൂപയും [illegible] 3 രൂപ 75 പൈസയും [illegible]

ഫീസ് മുദ്രകൾ പതിച്ചിട്ടുള്ള അപേക്ഷാ ഫോറങ്ങൾ പാലക്കാട്, കണ്ണൂർ എന്നിവയൊഴിച്ചുള്ള താലൂക്കുകളിലെ സബ് ട്രഷറികളിൽ നിന്നു മാത്രവും, എല്ലാ കേരള കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ബ്ലോക്കുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും, മുനിസിപ്പാലിറ്റികളുടെയും, ഗുരുവായൂർ ടൗൺഷിപ്പിന്റെയും ഓഫീസുകളിൽ നിന്നും വാങ്ങാവുന്നതാണ്. പാലക്കാട്, കണ്ണൂർ എന്നീ താലൂക്കുകളിലുള്ള അപേക്ഷകർ 15 ഉറുപ്പികയുടെയും, 3 ഉറുപ്പിക 75 പൈസയുടെയും ഫോറങ്ങൾ [illegible] പാലക്കാട്, കണ്ണൂർ എന്നീ ഡിസ്ട്രിക്റ്റ് ട്രഷറികളിൽ നിന്നും വാങ്ങേണ്ടതാണ്. കോതമംഗലം താലൂക്കിൽ [illegible] ആ താലൂക്കിലുള്ളവർ 15 ഉറുപ്പികയുടെയും 3 ഉറുപ്പിക 75 പൈസയുടെയും ഫോറങ്ങൾ സമീപ താലൂക്കുകളിലുള്ള സബ് ട്രഷറികളിൽ നിന്നും വാങ്ങേണ്ടതാണ്.

മുദ്രകൾ പതിച്ചിട്ടുള്ള അപേക്ഷാ ഫീസിനു പുറമേ, ഫോറത്തിന്റെ വിലയായ 50 പൈസയും കൂടി ഫോറം വാങ്ങുവാൻ കൊടുക്കണം.

നോട്ട്.—അപേക്ഷാ ഫോറങ്ങൾ വിൽക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഓഫീസിന്റെ പ്രവർത്തനാതിർത്തിക്കകത്ത് താമസിക്കുന്ന അപേക്ഷകർ ആ ഓഫീസിൽ നിന്നുതന്നെ അപേക്ഷാ ഫോറം വാങ്ങുവാൻ കഴിയുന്നിടത്തോളം ശ്രമിക്കേണ്ടതാണ്.

(ബി) അപേക്ഷാ ഫോറങ്ങൾ അപേക്ഷകർ നേരിട്ടോ, മറ്റൊരാൾ മുഖാന്തിരമോ, പോസ്റ്റൽ മാർഗ്ഗമായോ വാങ്ങാവുന്നതാണ്. പോസ്റ്റൽ മാർഗ്ഗമായി വാങ്ങുകയാണെങ്കിൽ മേൽപ്പറഞ്ഞ ഓഫീസുകളുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും ലഭിക്കുന്നതിനുപുറമേ, തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട് അവർകളുടെ പക്കൽ നിന്നുംകൂടി വരുത്താവുന്നതാണ്. അങ്ങനെ പോസ്റ്റൽ മാർഗ്ഗമായി വരുത്തുന്നവർ, അപേക്ഷയുടെ വിലയായ 50 പൈസയും അപേക്ഷാഫീസും മണിയോർഡറായും, അവ പോസ്റ്റൽ മാർഗ്ഗമായി അയച്ചുകൊടുക്കുന്നതിനു അപേക്ഷകന്റെ മേൽവിലാസം എഴുതി 1 ക. 75 പൈസയുടെ പോസ്റ്റൽ സ്റ്റാമ്പ് ഒട്ടിച്ചിട്ടുള്ള 30 സെന്റിമീറ്റർ നീളവും 15 സെന്റിമീറ്റർ വീതിയുമുള്ള ഒരു കവറോടുകൂടി താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു അപേക്ഷ മേൽപ്പറഞ്ഞ ഏതെങ്കിലും ഓഫീസർക്ക് അയയ്ക്കേണ്ടതാണ്.

(i) അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും;
(ii) അപേക്ഷാഫോറത്തിൽ മുദ്രകൾ പതിച്ചിരിക്കേണ്ട അപേക്ഷാ ഫീസ്;
(iii) ഏതു മേൽവിലാസം രേഖപ്പെടുത്തിയിട്ടുള്ള കവറാണ് അപേക്ഷാഫോറത്തോടൊപ്പം അയയ്ക്കേണ്ടത്;
(iv) അപേക്ഷിക്കുന്ന ജോലിക്കു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ സാമാന്യവിദ്യാഭ്യാസയോഗ്യത;
(v) ഏതു ഭാഷയിൽ (ഇംഗ്ലീഷിലോ, മലയാളത്തിലോ) അച്ചടിച്ച ഫോറമാണ് വേണ്ടത്.

(സി) (i) അപേക്ഷാ ഫോറം വാങ്ങുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.—അപേക്ഷാ ഫോറങ്ങൾ കളവായി അടിക്കുന്നതിനേയും, കരിഞ്ചന്തയിൽ വിൽക്കുന്നതിനേയും തടയുന്നതിനായി താഴെ പറയുന്ന വിവരങ്ങൾ അപേക്ഷാ ഫോറത്തിന്റെ [illegible] ചേർത്തു അപേക്ഷാഫോറം വിൽക്കുന്ന ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും എഴുതി ഒപ്പിട്ട്, ഓഫീസ് മുദ്ര അതിന്റെ അടിയിൽ പതിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും വേണം.

(1) ഉദ്യോഗാർത്ഥിയുടെ പേരും ഇനിഷ്യലും മേൽവിലാസവും;
(2) അപേക്ഷാഫോറം വിൽക്കുന്ന തീയതി

(ii) അപേക്ഷാ ഫോറം അപേക്ഷകൻ നേരിട്ടു വാങ്ങുന്നതായാൽ അപേക്ഷകന്റെ പേരും, ഇനിഷ്യലും, മേൽവിലാസവും അപേക്ഷ വിൽക്കുന്ന ഉദ്യോഗസ്ഥനു പറഞ്ഞുകൊടുക്കുകയും അവ [illegible] ഫോറത്തിൽ എഴുതിക്കുകയും, മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നു ഉറപ്പുവരുത്തുകയും വേണം. അപേക്ഷകർ നേരിട്ടല്ല മറ്റൊരാൾ മുഖാന്തിരമാണ് ഫോറം വാങ്ങുന്നതെങ്കിൽ അപേക്ഷകന്റെ പേരും, ഇനിഷ്യലും, മേൽവിലാസവും, അപേക്ഷിക്കുവാൻ ഉദ്ദേശിക്കുന്ന ഉദ്യോഗത്തിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ സാമാന്യ വിദ്യാഭ്യാസയോഗ്യതയും, എത്ര അപേക്ഷാഫീസ് മുദ്രകൾ പതിച്ചിട്ടുള്ള അപേക്ഷാ ഫോറമാണ് വേണ്ടതെന്നുള്ള വിവരവും, ഏതു മേൽവിലാസം രേഖപ്പെടുത്തിയിട്ടുള്ള കവറാണ് വേണ്ടത് എന്ന വിവരവും അടങ്ങിയ ഒരു കത്ത് ആ ആളുടെ കൈവശം അയയ്ക്കുകയും, മേൽ (i)-ം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ എല്ലാം അപേക്ഷാ ഫോറത്തിന്റെ [illegible] ചേർത്ത് ഓഫീസ് മുദ്ര പതിച്ചിട്ടുണ്ടോ എന്ന് അപേക്ഷകൻ പറഞ്ഞയച്ചിട്ടുള്ള ആളെക്കൊണ്ട് [illegible] ഉറപ്പുവരുത്തുകയും വേണം.

(iii) പോസ്റ്റൽ വഴിയായിട്ടാണ് അപേക്ഷാ ഫോറവും കവറും വരുത്തുന്നതെങ്കിൽ അപേക്ഷാ ഫോറം ലഭിച്ചാൽ ഉടൻതന്നെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നു അപേക്ഷകർ നോക്കി, ഇല്ലെന്നു കണ്ടാൽ അവ പൂർത്തിയാക്കി വാങ്ങണം.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ [illegible] പ്രകാരമുള്ളവ [illegible] അവ ശരിയായി പാലിച്ചിട്ടില്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(ഡി) ഈ വിജ്ഞാപനത്തിലെ 1-ം ഖണ്ഡികയിൽ [illegible] അപേക്ഷിക്കുന്നവർ ആ ജോലിക്കു നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് [illegible] അപേക്ഷാ ഫോറത്തിൽ മുദ്രകൾ പതിച്ചിട്ടുണ്ടോ എന്നു പ്രത്യേകം നോക്കേണ്ടതാണ്.

(ഇ) കേരള ഗവൺമെന്റ് [illegible] മുദ്രകൾ പതിച്ച അപേക്ഷാ ഫോറങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷകളും പോസ്റ്റൽ ഓർഡറുകളോടുകൂടിയ [illegible] അപേക്ഷകളും സ്വീകരിക്കുന്നതല്ല.

(എഫ്) കമ്മീഷന് സമർപ്പിക്കുന്ന അപേക്ഷാ ഫോറത്തിൽ മുദ്രകൾ പതിച്ചിട്ടുള്ള ഫീസ് യാതൊരു കാരണവശാലും അപേക്ഷകന് മടക്കികൊടുക്കുന്നതല്ല.

12. അപേക്ഷയോടൊന്നിച്ച് താഴെ കാണിച്ചിരിക്കുന്ന പ്രമാണങ്ങൾ അയയ്ക്കേണ്ടതാണ്.

(എ) വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ.— ഇ. എസ്. എൽ. സി. അല്ലെങ്കിൽ എസ്. എസ്. എൽ. സി. ബുക്കിലെ സംഗതമായ പേജിന്റെ ശരിപ്പകർപ്പ്, അല്ലെങ്കിൽ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, അല്ലെങ്കിൽ [illegible] സർട്ടിഫിക്കറ്റിന്റെ പകർപ്പ് മുതലായ വിദ്യാഭ്യാസ സംബന്ധമായ രേഖകൾ മാത്രമേ ജനനത്തീയതി തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളായി സ്വീകരിക്കുകയുള്ളൂ. യാതൊരു സ്കൂളുകളിലും പഠിക്കാത്തവരുടെ കാര്യത്തിൽ താഴെ പറയുന്ന പ്രമാണങ്ങൾ തെളിവായി സ്വീകരിക്കുന്നതാണ്.

(1) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ ശരിയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ജാതകത്തിന്റെ ശരിപ്പകർപ്പ്.
(2) മുനിസിപ്പൽ [illegible] രജിസ്റ്ററിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് (ജാതകത്തിന്റെ കാര്യത്തിലെപ്പോലെതന്നെ ഇതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ ശരിയെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.)
(3) ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള ജ്ഞാനസ്നാന രജിസ്റ്ററിന്റെ സംക്ഷിപ്ത രൂപം.

(ബി) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖ.—സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദങ്ങൾ (Degree) ഹാജരാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ [illegible] യൂണിവേഴ്സിറ്റിയിൽ നിന്ന്

ബിരുദത്തിനുള്ള പരീക്ഷ പാസ്സായതായി ലഭിച്ചിട്ടുള്ള താൽക്കാലിക സർട്ടിഫിക്കറ്റുകൾ (Provisional Certificate) ഹാജരാക്കേണ്ടതാണ്. മാർക്ക്‌ലിസ്റ്റുകൾ ഇവയിൽ അതാതു ഉദ്യോഗാർത്ഥികൾക്കു ലഭിച്ച ക്ലാസ്സോ, ഡിവിഷനോ കാണിച്ചിട്ടുണ്ടെങ്കിലല്ലാതെ പരീക്ഷ പാസ്സായതിന് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.

ഡിപ്ലോമകളുടെയും സർട്ടിഫിക്കറ്റുകളുടെയും കാര്യത്തിൽ ഡിപ്ലോമകളോ, സർട്ടിഫിക്കറ്റുകളോ, അവയുടെ അഭാവത്തിൽ ഉത്തരവാദപ്പെട്ട അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള താൽക്കാലിക സർട്ടിഫിക്കറ്റുകളോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇവയ്ക്ക് പകരമായി മാർക്കു ലിസ്റ്റുകൾ സ്വീകരിക്കുന്നതല്ല.

നിശ്ചിത വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. ആണെങ്കിൽ എസ്. എസ്. എൽ. സി. ബുക്കിലെ ആവശ്യമായ എൻഡോഴ്സ്മെന്റുകളുംകൂടിയ പേജ് ഹാജരാക്കേണ്ടതാണ്.

മേൽ വിവരിച്ചതിൽ കുറവായ വിദ്യാഭ്യാസ യോഗ്യതകളുടെ കാര്യത്തിൽ സ്കൂൾ റിക്കാർഡുകളിൽ നിന്നോ രജിസ്റ്ററുകളിൽ നിന്നോ ബന്ധപ്പെട്ട [illegible] സ്ഥാപന തലവന്റെ ഒപ്പോടുകൂടി ഹാജരാക്കേണ്ടതാണ്, അല്ലെങ്കിൽ അവ സ്വീകരിക്കുന്നതല്ല.

(സി) ജാതി, സമുദായം ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.—സമുദായത്തിന്റെ അടിസ്ഥാനത്തിൽ സംവരണത്തിന്റെ ആനുകൂല്യമോ പ്രായപരിധിയിൽ ഇളവോ ലഭിക്കുവാൻ അർഹതയുള്ള ഉദ്യോഗാർത്ഥികൾ സമുദായം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പുകൾ അപേക്ഷയോടൊന്നിച്ച് ഹാജരാക്കേണ്ടതാണ്. എസ്. എസ്. എൽ. സി. ബുക്കിലോ, അഡ്മിഷൻ രജിസ്റ്ററിലോ ജാതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയിൽ നിന്നുള്ള ബന്ധപ്പെട്ട ഭാഗമോ അല്ലെങ്കിൽ തഹസിൽദാരോ മുനിസിപ്പൽ ഏരിയയിൽപ്പെട്ട അപേക്ഷകനാണെങ്കിൽ മുനിസിപ്പൽ കമ്മീഷണറോ മുനിസിപ്പൽ കോർപ്പറേഷനിൽപ്പെട്ട ആളാണെങ്കിൽ കോർപ്പറേഷൻ കമ്മീഷണറോ നൽകുന്ന സർട്ടിഫിക്കറ്റുകളോ ആണ് ജാതി തെളിയിക്കേണ്ടത്. കേരള സംസ്ഥാനത്തിലെ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റു പിന്നോക്കസമുദായക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട സമുദായങ്ങളുടെ ലിസ്റ്റ് ഈ വിജ്ഞാപനത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) മതപരിവർത്തന സർട്ടിഫിക്കറ്റ്.—ക്രിസ്തുമതത്തിൽ നിന്നും ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർ തെളിവിനായി താഴെ പറയുന്ന ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്നും അതിന്റെ [illegible] സ്ഥാപനത്തിന്റെ മുദ്രയോടുകൂടി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പവും അതിന്റെ അസ്സൽ ഇന്റർവ്യൂ സമയത്തും ഹാജരാക്കേണ്ടതാണ്.

(1) കേരള ഹിന്ദു മിഷൻ, തിരുവനന്തപുരം.

(2) അഖിലഭാരത ദയാനന്ദ സാൽവേഷൻ മിഷൻ. (ആര്യസമാജ്), [illegible], തിരുവനന്തപുരം.

(3) അഖിലഭാരത അയ്യപ്പസേവാസംഘം, കോട്ടയം.

ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.

(ഇ) ഐഡന്റിറ്റി സർട്ടിഫിക്കറ്റ്.—ചില അപേക്ഷാഫാറങ്ങളിലുള്ള പേരും, വിദ്യാഭ്യാസയോഗ്യത, വയസ്സ് മുതലായവ കാണിക്കുന്ന സർട്ടിഫിക്കറ്റിലുള്ള പേരും വ്യത്യസ്തമായി കാണാറുണ്ട്. അങ്ങിനെ അപേക്ഷ സമർപ്പിക്കുന്നവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളിൽ പ്രതിപാദിക്കുന്ന ആളും അപേക്ഷകനും ഒരേ ആൾ തന്നെയാണെന്ന് കാണിക്കുന്നതിനുള്ള ഒരു സർട്ടിഫിക്കറ്റ് (Identity Certificate) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനിൽനിന്നും വാങ്ങി അപേക്ഷയോടൊന്നിച്ച് അതിന്റെ പകർപ്പും ഇന്റർവ്യൂവിന് വരുമ്പോൾ അസ്സലും ഹാജരാക്കേണ്ടതാണ്. അല്ലാതെ [illegible] വ്യത്യസ്തപ്പെടുത്തിക്കൊണ്ടുള്ള പ്രസിദ്ധം ചെയ്തിട്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ ശരിപ്പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പവും അതിന്റെ അസ്സൽ ഇന്റർവ്യൂ സമയത്തും ഹാജരാക്കേണ്ടതാണ്. ഇന്റർവ്യൂ ഇല്ലാത്ത ഉദ്യോഗങ്ങൾക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ നിയമനാധികാരിയുടെ മുമ്പാകെ അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുകളിൽ 'ഡി' യിൽ പറയുന്ന മതപരിവർത്തന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളിലുള്ള പേരും, മതപരിവർത്തനത്തിനു ശേഷമുള്ള പേരും കാണിച്ചിട്ടുണ്ടെങ്കിൽ ആ പ്രകാരം പേരിൽ വ്യത്യാസം വരുത്തിയിട്ടുള്ളവർ മുകളിൽ 'ഇ'യിൽ പറയുന്ന ഐഡന്റിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(എഫ്) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തു പരീക്ഷകൾക്കും പ്രാക്ടിക്കൽ ടെസ്റ്റുകൾക്കും ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന ഹാൾടിക്കറ്റിന്റെ അടിയിലായി ഉദ്യോഗാർത്ഥിയുടെ ഒരു ഫോട്ടോ പതിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഫോട്ടോയിലും അതിന്റെ അടിയിലും ഉദ്യോഗാർത്ഥി ഒപ്പിട്ടിരിക്കണം.

13. അപേക്ഷയോടൊന്നിച്ച് അയയ്ക്കുന്ന പ്രമാണങ്ങളുടെ (രേഖകളുടെ) അസ്സൽ അയയ്ക്കേണ്ട ആവശ്യമില്ല. ശരിപ്പകർപ്പ് മതിയാകുന്നതാണ്. പ്രമാണങ്ങളുടെ പകർപ്പുകളുടെ അടിയിൽ "ശരിപ്പകർപ്പ്" എന്നെഴുതി അതിനു താഴെ അപേക്ഷകൻ ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്. അപേക്ഷകർ ഇന്റർവ്യൂവിനു വരുമ്പോൾ അസ്സൽ പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്. അവ ഹാജരാക്കാതിരുന്നാൽ ഇന്റർവ്യൂ ചെയ്യുന്നതല്ല. ഹാജരാക്കുവാൻ സമയം നൽകുന്നതുമല്ല.

14. ഒരു ഉദ്യോഗാർത്ഥി തന്നെ ഒന്നിലധികം ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കുന്നുവെങ്കിൽ ഓരോ അപേക്ഷയും വെവ്വേറെ കവറുകളിൽ അടക്കം ചെയ്തിരിക്കേണ്ടതാണ്. അപേക്ഷകർ ഈ വിജ്ഞാപനത്തിലും അപേക്ഷാഫാറത്തിലും ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ (ഇവയ്ക്ക് ഗസറ്റിൽ അപ്പോഴപ്പോൾ പരസ്യം ചെയ്യുന്ന ഭേദഗതികൾ ബാധകമാണ്) ശരിയായി മനസ്സിലാക്കിയതിനു ശേഷം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് പിന്നീട് അവസരം ലഭിക്കുന്നതല്ല.

15. അപേക്ഷാഫാറത്തിൽ അവകാശപ്പെടാത്ത ഒന്നുംതന്നെ പിന്നീടുള്ള ഘട്ടങ്ങളിൽ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷാഫാറത്തിൽ അവകാശപ്പെടാതെ തെളിവു മാത്രം അപേക്ഷയോടൊപ്പം ചേർത്തയച്ചാലും ആ തെളിവ് അവകാശമായി സ്വീകരിക്കപ്പെടുന്നതല്ല.

16. അപേക്ഷാഫാറം പൂർണ്ണമായി പൂരിപ്പിക്കണം. അപേക്ഷയിലും അനുബന്ധത്തിലും അപേക്ഷകൻ തന്നെ ഒപ്പിടേണ്ടതാണ്.

അപേക്ഷാഫാറത്തിലെയും അനുബന്ധത്തിലെയും എല്ലാ കോളങ്ങളും പൂർണ്ണമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. [illegible] കോളവും [illegible], [illegible] കോളങ്ങളെല്ലാം ഇട്ട് പൂരിപ്പിക്കുകയോ, ശൂന്യമായി വിടുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു. ഏതെങ്കിലും കോളത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു വിവരം ഒരു പ്രത്യേക അപേക്ഷകനെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ലെങ്കിൽ ആ കോളത്തിനെതിരെ Not applicable /N. A./ "ബാധകമല്ല" എന്ന് എഴുതേണ്ടതാണ്. അപേക്ഷാഫാറം പൂരിപ്പിക്കേണ്ട വിധത്തെപ്പറ്റിയും അത് അയയ്ക്കേണ്ട വിധത്തെപ്പറ്റിയും മറ്റും അപേക്ഷാഫാറത്തോടൊപ്പം പ്രത്യേകം അച്ചടിച്ചു ചേർത്തിട്ടുള്ള നിർദ്ദേശങ്ങളിലും അപേക്ഷാഫാറത്തിലും അതിന്റെ അനുബന്ധത്തിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങളിലും പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പഠിച്ച് അതനുസരിച്ച് അപേക്ഷകൾ പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഈ വിജ്ഞാപനത്തിന്റെ ഒരു ഭാഗമായി പരിഗണിക്കപ്പെടുന്നതും അവയും ഗസറ്റു വിജ്ഞാപനത്തിലെ നിർദ്ദേശങ്ങളും അനുസരിച്ചല്ലാതെ പൂരിപ്പിക്കപ്പെടുകയോ അയയ്ക്കുകയോ ചെയ്യുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതുമാണ്.

കുറിപ്പ്:—അപേക്ഷാഫാറത്തിൽ കൊടുത്തിട്ടുള്ള അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്ന തിരുത്തലിനു വിധേയമായി വായിക്കേണ്ടതാണ്;

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ കുന്ന് ഗവൺമെന്റ് പ്രസ്സുകളിലും പഞ്ചായത്ത് ആഫീസുകളിലും നിന്ന് അപേക്ഷകൾ വാങ്ങാവുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. ഈ സ്ഥാനങ്ങളിൽ നിന്നും അപേക്ഷാ ഫാറങ്ങൾ വാങ്ങുവാൻ കഴിയുന്നതല്ല. എന്നാൽ ഇപ്പോൾ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന്റെ പക്കൽ നിന്ന് പോസ്റ്റൽ മാർഗ്ഗമായി മാത്രം അപേക്ഷകൾ വാങ്ങാവുന്നതാണ്.

17. ചെയർമാൻ, കമ്മീഷൻ മെമ്പർമാർ എന്നിവരിൽ ആരുടെയെങ്കിലും പേർക്കോ, സെക്രട്ടറിയുടെ പേർക്കോ അയക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

18. പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിക്കുന്ന അപേക്ഷകളോ അവയിൽ പറഞ്ഞിട്ടുള്ള അവകാശങ്ങളോ നിരസിച്ചുകൊണ്ട് അപേക്ഷകർക്ക് ലഭിക്കുന്ന മെമ്മോകളിന്മേലുള്ള അപ്പീലുകൾ പ്രസ്തുത മെമ്മോയുടെ തീയതി മുതൽ 15 ദിവസത്തിനകം മെമ്മോ നൽകുന്ന ഉദ്യോഗസ്ഥനു ലഭിക്കത്തക്ക വണ്ണം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അവധി കഴിഞ്ഞുള്ള അപ്പീലുകൾ സ്വീകരിക്കുന്നതല്ല. അപേക്ഷയോടൊന്നിച്ചു സമർപ്പിക്കേണ്ട രേഖകൾ അപ്രകാരം സമർപ്പിക്കുവാൻ സാദ്ധ്യമാകാത്തതിന് ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കമ്മീഷന് ബോദ്ധ്യമാകാത്ത പക്ഷം അപേക്ഷയോടൊന്നിച്ച് സമർപ്പിക്കാത്ത യാതൊരു രേഖകളും അപ്പീലിൽ സ്വീകരിക്കുന്നതല്ല. അങ്ങനെ ബോദ്ധ്യമാകുവാനുള്ള കാരണങ്ങൾ വിശദമായി അപ്പീലിൽ കാണിച്ചിരിക്കേണ്ടതാണ്.

19. നിയമനങ്ങൾ നടത്തുന്നത് ഈ നോട്ടിഫിക്കേഷൻ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന ലിസ്റ്റിലെ റാങ്കനുസരിച്ചും 1958-ലെ കേരളസ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗം 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ അനുസരിച്ചും, നിയമനത്തോടനുബന്ധിച്ച് ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തിലുള്ള 3 (c) വകുപ്പിനു വിധേയമായും ആയിരിക്കുന്നതാണ്.

20. മുന്നറിയിപ്പ്.— താഴെ പറയുന്ന ദുഷ്പ്രവൃത്തികൾക്കെതിരെ (Misconduct) അപേക്ഷകർക്ക് കർശനമായ മുന്നറിയിപ്പ് നൽകുകയും. അത്തരം ഏതെങ്കിലും ദുഷ്പ്രവൃത്തിയിൽ ഏർപ്പെടുന്ന അപേക്ഷകൻ ഏതൊരു ജോലിക്കാണോ അപേക്ഷിക്കുന്നുവോ അതിലേക്കു പരിഗണിക്കപ്പെടുന്നതിന് അയോഗ്യനാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽനിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിന്നോ ഇന്റർവ്യൂവിൽ നിന്നോ എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളും അസാധുവാക്കുകയോ, അവരുടെ മേൽ ക്രിമിനൽ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽനിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റു അച്ചടക്ക നടപടികൾ അവരുടെ നേരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ ഒന്നിലധികമോ നടപടികൾ അവർക്കെതിരായി കൈക്കൊള്ളുകയോ ചെയ്യുന്നതാണെന്നുള്ള വിവരം അപേക്ഷകരെ ബോധ്യപ്പെടുത്തിക്കൊള്ളുകയും ചെയ്യുന്നു.

(1) കേരള പബ്ലിക് സർവ്വീസ് കമ്മീഷനോ, മറ്റു ആഫീസുകൾക്കോ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗാർത്ഥിയോ, അയാൾക്കുവേണ്ടി മറ്റാരെങ്കിലുമോ, കമ്മീഷൻ ചെയർമാനെയോ, കമ്മീഷനിലെ അംഗങ്ങളെയോ, കമ്മീഷനെയോ, ഇന്റർവ്യൂവിനു സന്നിഹിതരാകുന്ന ഉപദേഷ്ടാക്കളെയോ, പരീക്ഷകരെയോ സ്വാധീനിക്കുവാനുള്ള ഏതെങ്കിലും ശ്രമം;

(2) അനർഹമായ ആനുകൂല്യങ്ങൾക്കുവേണ്ടിയോ, കമ്മീഷന്റെ ഉത്തരവിൻപ്രകാരം ഔദ്യോഗിക പ്രഖ്യാപനമുണ്ടാകുന്നതുവരെ രഹസ്യമായി സൂക്ഷിക്കേണ്ട വിവരങ്ങൾ ചോർത്തിയെടുക്കുന്നതിനു വേണ്ടിയോ കമ്മീഷന്റെ ആഫീസുകളിലെ ഉദ്യോഗസ്ഥന്മാരെ സ്വാധീനിക്കുവാനുള്ള ഏതെങ്കിലും ശ്രമം;

(3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെങ്കിലും ജോലിക്കു നടത്തുന്ന തിരഞ്ഞെടുപ്പിലേക്കു വേണ്ടി അയയ്ക്കുന്ന അപേക്ഷയിലോ അതിന്റെ അനുബന്ധത്തിലോ തിരഞ്ഞെടുപ്പു സംബന്ധിച്ചു ഹാജരാക്കുന്ന മറ്റു പ്രമാണങ്ങളിലോ കള്ളമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ, തിരഞ്ഞെടുപ്പു കാര്യത്തിൽ സംഗതമായ ഏതെങ്കിലും സാരമായ വസ്തുതകൾ മനഃപൂർവ്വം കമ്മീഷനിൽനിന്ന് മറച്ചുവയ്ക്കുകയോ ചെയ്യൽ;

(4) കമ്മീഷൻ മുമ്പാകെ ആഫീസ് കൃത്യനിർവ്വഹണത്തിൽ കൃത്രിമമായതോ ആയ പ്രമാണങ്ങൾ ഹാജരാക്കുകയോ, കമ്മീഷൻ മുമ്പാകെ ഏതെങ്കിലും ജോലിക്കുള്ള തിരഞ്ഞെടുപ്പു (സെലക്ഷൻ) സംബന്ധമായി ഹാജരാക്കപ്പെട്ട പ്രമാണങ്ങളിൽ കൃത്രിമമായി മാറ്റങ്ങൾ വരുത്തുകയോ ചെയ്യൽ;

(5) കമ്മീഷൻ മുമ്പാകെ, ഒരു ജോലിക്കുള്ള തിരഞ്ഞെടുപ്പിൽ തന്റെ എതിരാളിയായ ഒരു അപേക്ഷകനെക്കുറിച്ചു കള്ളമായ ഏതെങ്കിലും പരാമർശം ഉന്നയിപ്പിക്കുവാനുള്ള ശ്രമം;

(6) കമ്മീഷന്റെ ഏതെങ്കിലും ജോലിക്കുള്ള തിരഞ്ഞെടുപ്പിൽ കമ്മീഷനെയോ കമ്മീഷനെ സഹായിക്കുന്ന ഉപദേഷ്ടാക്കളെയോ, പരീക്ഷകരെയോ, കമ്മീഷന്റെയോ, ആഫീസിലുള്ള ഉദ്യോഗസ്ഥന്മാരെയോ പറ്റി കള്ളമായ ആരോപണങ്ങൾ ഉന്നയിക്കൽ;

(7) കമ്മീഷൻ നടത്തുന്ന ഇന്റർവ്യൂവിലെ പരീക്ഷകളിലെ അനുചിതമായുള്ള പെരുമാറ്റം;

(8) കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകളിൽ കൃത്രിമമായി മാറ്റങ്ങൾ വരുത്തുകയോ, പരീക്ഷയിൽ പങ്കെടുക്കുന്ന ഒരു ഉദ്യോഗാർത്ഥി പരീക്ഷകർക്ക് തന്നെ തിരിച്ചറിയുവാൻ വേണ്ടി ഉത്തരക്കടലാസിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കെതിരായി അതിൽ ഏതെങ്കിലും എഴുതുകയോ ചെയ്യൽ;

(9) ഏതെങ്കിലും ജോലിക്ക് കമ്മീഷൻ നടത്തുന്ന തിരഞ്ഞെടുപ്പ് നീതിപൂർവ്വമായി നടക്കാതെ ചെയ്യുന്നതിനെ പ്രതികൂലമായി ബാധിക്കാവുന്നതായി കമ്മീഷന് തോന്നുന്ന ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടൽ.

പി. വി. ജേക്കബ്,
സെക്രട്ടറി,
തിരുവനന്തപുരം. പബ്ലിക് സർവ്വീസ് കമ്മീഷൻ.

അനുബന്ധം 1

പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവരുടെ ഗ്രൂപ്പിൽ പെടുന്ന സമുദായങ്ങളുടെ ലിസ്റ്റ്

1. കേരള സംസ്ഥാനത്തിലെ പട്ടികജാതിക്കാർ

(1) (കേരള സംസ്ഥാനത്തൊട്ടാകെ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ)

- പുലയൻ
- കുറവൻ, സിദ്ധനർ
- നായാടി
- പള്ളൻ
- പറയൻ, പറൈയൻ (സാംബവർ)
- വള്ളുവൻ

(2) മലബാർ ഡിസ്ട്രിക്റ്റിലെ കാസർകോട് താലൂക്ക് ഒഴികെ കേരള സംസ്ഥാനത്തൊട്ടാകെ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ

കണക്കൻ അല്ലെങ്കിൽ പടന്ന
പാണൻ

(3) മലബാർ ഡിസ്ട്രിക്റ്റ് ഒഴികെ കേരള സംസ്ഥാനമൊട്ടാകെയും കാസർകോട് താലൂക്കിലും പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ

പറവൻ

(4) മലബാർ ഡിസ്ട്രിക്റ്റ് ഒഴികെ കേരള സംസ്ഥാനമൊട്ടാകെ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ.

അയ്യനവർ
ഭരതർ
ബോയൻ
ഡോമ്പൻ
കക്കാലൻ
കവറ (Kavara)
കൂടൻ (കൂത്തൻ)
കുറവൻ
പള്ളൻ
പള്ളുവൻ
പറയൻ
പെരുമണ്ണാൻ
പുലയൻ (ചേരമർ)
തണ്ടാൻ (തച്ചർ)
ഉള്ളാടൻ
ഊരാളി
വള്ളോൻ
വണ്ണാൻ
വേലൻ
വേടൻ
വേട്ടുവൻ

(5) മലബാർ ഡിസ്ട്രിക്റ്റിൽ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ.

ആദി ആന്ധ്ര
ആദി ദ്രാവിഡ
ആദി കർണ്ണാടക
അജില
അരുന്ധതിയാർ
ബൈര
ബകുഡ
ബണ്ടി
ബെല്ലാറ
ചമാർ (മുച്ചി)
ചലവാദി
ചെറുമൻ
ഗോഡഗാലി
ഗോഡ്ഡ
ഗോസംഗി
ഹോലെയ
കണക്കൻ
കല്ലാടി
കരിമ്പാലൻ
കുടുമ
കുടുംബൻ
[illegible]
മാവിലൻ
മോഗർ
മുണ്ടാല
നലകെയവ
നായാടി
പാണ്ടിയൻ
പുതിരൈവണ്ണാൻ

റാണിയർ
സമഗാര
സാംബൻ
സെമ്മാൻ
തോട്ടി

(6) കാസർകോട് താലൂക്ക് ഒഴികെയുള്ള മലബാർ ഡിസ്ട്രിക്റ്റിൽ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ.

ഗവറ
മലയൻ
പുലയവേട്ടുവൻ

(7) മലബാർ ഡിസ്ട്രിക്റ്റിലെ കാസർകോട് താലൂക്കിൽ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നവർ.

ചക്കാല
ഹസ്ല
നൽകേയ

2. കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ്.

(1) കേരള സംസ്ഥാനത്തൊട്ടാകെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കപ്പെടുന്നവർ:

കാടർ
ഇരുളർ (ഇരുളൻ)
മുതുവൻ
കുറുമ്പർ (കുറുമർ)

(2) മലബാർ ഡിസ്ട്രിക്റ്റ് ഒഴികെ കേരള സംസ്ഥാനത്തൊട്ടാകെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കപ്പെടുന്നവർ.

ഇരവള്ളൻ
ഹിൽപുലയ
കാണിക്കാരൻ (കാണിക്കർ)
കൊച്ചുവേലൻ
മലക്കുറവൻ
മലഅരയൻ
മലപണ്ടാരം
മലവേടൻ
മലയൻ
മലയരയർ
മന്നാൻ
പളിയൻ
പള്ളിയർ
ഉള്ളാടൻ (കുന്നുകളിൽ പാർക്കുന്നവർ)
ഊരാളി
വിഷവൻ

(3) മലബാർ ഡിസ്ട്രിക്റ്റിൽ പട്ടികവർഗ്ഗക്കാരായി പരിഗണിക്കപ്പെടുന്നവർ.

അടിയൻ
അരണാടൻ
കമ്മാര
കാട്ടുനായ്ക്കൻ
കൊണ്ടകാപ്പുസ്
കൊണ്ടറെഡ്ഡിസ്
കൊറഗ
കോട്ട
കുടിയ (മേലക്കുടി)
കുറിച്ചൻ (കുറിച്യൻ)
കുറുമർ
മഹമലസർ
മലസർ
മലെകണ്ടി
പള്ളിയൻ
പണിയൻ
പുലയൻ

(4) കാസർകോട് താലൂക്ക് ഒഴികെ മലബാർ ഡിസ്ട്രിക്റ്റിൽ പട്ടികവർഗ്ഗമായി പരിഗണിക്കപ്പെടുന്നവർ.

കുറുമ്പർ

(5) മലബാർ ഡിസ്ട്രിക്റ്റിലെ കാസർകോട് താലൂക്കിൽ പട്ടികവർഗ്ഗമായി പരിഗണിക്കപ്പെടുന്നവർ.

മറാഠി

അനുബന്ധം 2

മറ്റു പിന്നോക്കസമുദായങ്ങളുടെ ലിസ്റ്റ്

സംസ്ഥാനമൊട്ടാകെ

(1) അഗസ (Agasa)
(2) അമ്പലക്കാരൻ
(3) ആംഗ്ലോ ഇന്ത്യൻ
(4) ആരയൻ
(5) ആരയവാത്തി
(6) ആരേമറാട്ടി (Aremarati)
(7) ആര്യ
(8) ഭണ്ഡാരി
(9) ബില്ലവ
(10) ചക്കാലൻ
(11) ചപ്ടേഗര (Chaptegara)
(12) ചവളക്കാരൻ
(13) ചെട്ടി (കോട്ടാർചെട്ടി, പാറക്കചെട്ടി, ഏലൂർചെട്ടി, ആത്തിങ്ങൽചെട്ടി, പുതുക്കടചെട്ടി, ഇരണിയൽചെട്ടി, ശ്രീപണ്ടാരചെട്ടി, തെലുങ്കുചെട്ടി, ഉദയംകുളങ്ങരചെട്ടി, പേരൂർക്കടചെട്ടി, സാധുചെട്ടി, 24 മനചെട്ടി, വയനാടൻചെട്ടി, കലവറചെട്ടി)
(14) ദേവാഡിഗ (Devadiga)
(15) ദേവാംഗ (Devanga)
(16) ഈഴവരും, തിയ്യരും
(17) ഈഴവാത്തി
(18) എഴുത്തച്ഛൻ
(19) ഗണിക
(20) ഗട്ടി (Gatti)
(21) ഗൗഡ (Gowda)
(22) ഹെഗ്ഡെ (Hegde)
(23) ഹിന്ദു നാടാർ
(24) ഇഴുവൻ (ഇല്ലുവൻ)
(25) ജോഗി
(26) കടുപ്പട്ടൻ (Kaduppattan)
(27) കൈക്കോലൻ (Kaikolan)
(28) കേളാസി (Kelasi) (കലാഡിപ്പണിക്കർ)
(29) കളരിക്കുറുപ്പ് അല്ലെങ്കിൽ കളരിപ്പണിക്കർ
(30) കമ്മാള അല്ലെങ്കിൽ വിശ്വകർമ്മജ (വിശ്വകർമ്മ, കരുവാൻ, വില്ലാശാൻ, വിശ്വബ്രാഹ്മണൻ, വിശ്വ (ബ്രഹ്മണൻ, ആശാരി, മൂശാരി, തട്ടാൻ)
(31) കന്നടിയൻ (Kannadiyans)
(32) കണിശു അല്ലെങ്കിൽ കണിയാർ-പണിക്കർ, കാണി അല്ലെങ്കിൽ, കണിയാൻ (ഗണക) അല്ലെങ്കിൽ കണിശൻ അല്ലെങ്കിൽ കമ്നാൻ (Kannan)
(33) കാവുതിയൻ (Kavuthiyan)
(34) കവുദിയാരു (Kavudiyaru)
(35) കോലാരൻ
(36) കൊങ്ങയാർ (Konyar)
(37) കൃഷ്ണൻവക
(38) കേരളമുതലി
(39) കുടുംബി
(40) കുലാലൻ (കുലാല) (Kulal)
(41) കുംബാരൻ (Kumbarans)
(42) ലത്തീൻ കത്തോലിക്കർ
(43) മഡിവാള (Madivala)
(44) മാപ്പിള
(45) മറവൻ (Maravans)
(46) മരുത്തുവർ (Maruthuvar)
(47) മുക്കുവൻ അല്ലെങ്കിൽ മുകയ (Mukaya)
(48) മുസ്ലീം
(49) മൊഗവീര (Mogaveera)
(50) നായിക്കൻ
(51) ഓടൻ
(52) കൃസ്ത്യാനികളായി മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർ
(53) പണ്ഡിതർ
(54) പന്നിയാർ (Panniyar)
(55) പട്ടാര്യ
(56) പെരുംകൊല്ലൻ
(57) പെരുവണ്ണാൻ (വാരണവർ) (Varanavar)
(58) പുള്ളുവൻ
(59) രാജപുർ (Rajapur)
(60) ശക്രവാർ (കാവതി)
(61) സൗരാഷ്ട്ര
(62) ശാലിയ (Saliyas)
(63) ഇലവാണിയർ. (എരുവാണിയർ) (Elavaniar)
(64) എസ്. ഐ. യു. സി.
(65) തോൽക്കൊല്ലൻ (Tholkollans)
(66) തൊട്ടിയൻ
(67) വടുവൻ
(68) വാലൻ (Valans)
(69) വേളാൻ (Velans)
(70) വാണിയൻ (വാണിക, വാണികവൈശ്യ, വാണിഭചെട്ടി, (Vaniyan) വാണിയചെട്ടി, അയിരവർ, നാഗരത്തർ, വാണിയർ (Vaniyan)
(71) വണിയർ (Vaniar)
(72) വക്കലിഗ (Vakkaliga)
(73) വീരശൈവ (യോഗി, യോഗീശ്വര)
(74) വെളുത്തേടത്തു നായർ, വെളുത്തേടൻ വണ്ണത്താൻ (Vannathan)
(75) വിളക്കിത്തല നായർ (വിളക്കിത്തലവൻ)
(76) യാദവർ (Yadavas) (കോലയ), ആയർ, മായർ, മണിയാനി, ഇരുമൻ

II. മലബാർ ജില്ലയിലുള്ള കാസർകോട് താലൂക്കിൽ

(1) കണക്കൻ അല്ലെങ്കിൽ പടന്ന
(2) പാണൻ

III. കാസർകോട് താലൂക്ക് ഒഴികെയുള്ള മലബാർ ജില്ലയിൽ.

പറവൻ

IV. മലബാർ ജില്ലയിൽ

(1) അയ്യനവർ
(2) ഭരതർ
(3) ചെമ്മാൻ
(4) ഡൊംബൻ (Domban)
(5) ഗംഗ റെഡ്ഡി (Gangam Reddis)
(6) കക്കാലൻ
(7) കാവര (Kavara)
(8) കൂടൻ (കൂഡൻ) (Koodan)
(9) മണ്ണാൻ
(10) പാദണ്ണൻ (Padannan)
(11) പള്ളുവൻ
(12) പതിയൻ
(13) പെരുമണ്ണാൻ
(14) പുലയൻ അല്ലെങ്കിൽ ചെറുമൻ
(15) തണ്ടാൻ
(16) ഉള്ളാടൻ
(17) ഉരാളി
(18) വള്ളോൻ (Vallon)

(19) വണ്ണാൻ
(20) വേലൻ (Velan)
(21) വേടൻ (Vetan)
(22) വെട്ടുവൻ (Vetuvan)
(23) ഇരവള്ളം (Eravallam)
(24) ഹിൽപുലയ (Hill Pulaya)
(25) കാണിക്കാരൻ അല്ലെങ്കിൽ കാണിക്കാർ
(26) കൊച്ചുവേലൻ
(27) മലക്കുറവൻ
(28) മലഅരയൻ (Malai Arayan)
(29) മലപ്പണ്ടാരം
(30) മലവേടൻ
(31) മലയൻ
(32) മലയരയർ (Malayarayar)
(33) മന്നാൻ
(34) പള്ളേയൻ (Palleyan)
(35) പള്ളിയർ (Palliyar)
(36) ഉള്ളാടൻ (Hill dwellers)
(37) ഊരാളി
(38) വിഷവൻ (Vishavan)

V. സംസ്ഥാനത്തൊട്ടാകെ, മലബാർ ജില്ല ഒഴികെ

(1) ആദി ആന്ധ്ര
(2) ആദി ദ്രാവിഡ
(3) ആദി കർണ്ണാടക
(4) അജില (Ajila)
(5) അരുന്ധതിയാർ (Aruntbathiyar
(6) ബൈര (Baira)
(7) ബകുദ (Bekuda)
(8) ബണ്ടി (Bandi)
(9) ബെല്ലാര (Bellara)
(10) ചാമർ അല്ലെങ്കിൽ മുച്ചി
(11) ചണ്ഡാല
(12) ചെറുമൻ
(13) ഗൊഡഗളി (Godagali)
(14) ഗോഡ്ഡ (Godda)
(15) ഗോസാങ്കി
(16) ഹൊലേയ (Holeya)
(17) കടയ്യൻ (Kadaiyan)
(18) കല്ലാടി (Kalladi)
(19) കരിമ്പാലൻ
(20) കൂസ (Koosa)
(21) കുടുംബൻ
(22) മൈല (Maila)
(23) മാവിലൻ
(24) മോഗർ
(25) മുണ്ടല (Mundala)
(26) നലകേയവ (Nalakeyava)
(27) പമ്പട (Pambada)
(28) പാണൻ
(29) പുതിരൈ വണ്ണാൻ (Puthir: yl Vannan)
(30) റാണെയാർ (Raneyar)
(31) സമഗര (Samagara)
(32) സാമ്പൻ
(33) സെമ്മാൻ (Semman
(34) തോട്ടി (Thoti)
(35) അടിയൻ (Adiyan)
(36) അരണ്ടൻ (Arandan)
(37) കമ്മാര (Kammara)
(38) കാട്ടുനായകൻ
(39) കൊണ്ടകാപ്പൂസ് (Kondakapus)
(40) കൊണ്ടറെഡ്ഡി
(41) കൊറഗ (Koraga)
(42) കോട (Kota)
(43) കുടിയ അല്ലെങ്കിൽ മേലക്കുടി
(44) കുറിച്ചൻ (Kurichan)
(45) കുറുമൻ
(46) മഹാമലസർ (Malla Malasar)
(47) മലസർ
(48) മലയെക്കണ്ടി (Melayekandi)
(49) പള്ളിയാൻ (Paliyan)
(50) പണിയൻ
(51) പുലയൻ
(52) ഒഡ്ഡിയാർ

VI. കാസർകോട് താലൂക്ക് ഒഴിച്ചുള്ള മലബാർ ജില്ല ഒഴികെ സംസ്ഥാനത്തൊട്ടാകെ.

(1) ഗാവര (Gavara)
(2) കുറുമ്പ
(3) മലയൻ
(4) പുലയവെട്ടുവൻ

VII. മലബാർ ഡിസ്ട്രിക്റ്റിലെ കാസർകോട് താലൂക്ക് ഒഴികെ സംസ്ഥാനത്തൊട്ടാകെ.

(1) ബത്തട (Bathada)
(2) ഹസ്‌ലാ (Hasla)
(3) മറാട്ടി, നാൽക്കടയ (Marati Nalakadaya)

വിശദീകരണം:—ഈ പട്ടികയിൽ, മലബാർ ജില്ല എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 1956-ലെ സ്റ്റേറ്റ്സ് റീഓർഗനൈസേഷൻ ആക്റ്റിലെ സെക്ഷൻ 5-ൽ സബ്സെക്ഷൻ (2)-ൽ പരാമർശിച്ചിട്ടുള്ള മലബാർ ഡിസ്ട്രിക്റ്റ് ആണ്.

അനുബന്ധം 3

പ്രസ് റിലീസ്

പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് ഉദ്യോഗത്തിന് അപേക്ഷകൾ സമർപ്പിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

പബ്ലിക് സർവ്വീസ് കമ്മീഷനിലേക്കും, ജില്ലാ ആഫീസുകളിലേയ്ക്കും ഒക്കെ ലഭിക്കുന്ന അപേക്ഷിക്കുമ്പോൾ 1972 ജൂൺ 6-ാം തീയതിയ്ക്കു മുമ്പ് നിലവിലിരുന്ന നടപടിയനുസരിച്ച് 5 ക. യിൽ കൂടുതൽ അപേക്ഷാ ഫീസ് നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് അപേക്ഷാ ഫീസ് ട്രഷറിയിലൊടുക്കി അതിനു ലഭിച്ച ചെലാൻ അപേക്ഷയോടൊന്നിച്ച് അയക്കുകയും 5 ക. യോ അതിൽ താഴെയോ അപേക്ഷാഫീസ് നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കുള്ള അപേക്ഷകളിൻമേൽ അപേക്ഷാഫീസിനുള്ള കേന്ദ്രഫീസ് സ്റ്റാമ്പുകൾ ഒട്ടിച്ചയക്കുകയും ചെയ്യേണ്ടിയിരുന്നു. പി. എസ്. ഫാറം നമ്പർ I, പി. എസ്. ഫാറം നമ്പർ II എന്നിങ്ങനെ രണ്ടുതരം അപേക്ഷാ ഫാറങ്ങളും ഉണ്ടായിരുന്നു. ഈ ഫാറങ്ങളിൽ, പി. എസ്. നമ്പർ I ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റു ബോർഡുകളിലേക്കും, പി. എസ്. നമ്പർ II പബ്ലിക് സർവ്വീസ് കമ്മീഷനിലേക്കും അപേക്ഷിക്കുവാനുള്ളവയായിരുന്നു. ഇവ രണ്ടും കാലംമുമ്പ് ആസൂത്രണം ചെയ്തവയായിരുന്നു. ട്രഷറിയിൽ പണമടച്ചു ചെലാൻ വാങ്ങുന്നതിന് ദീർഘമായി 'ക്യൂ' നിൽക്കേണ്ടിവന്നിരുന്നതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നിരുന്നു. ഇതിനും പുറമെ, ട്രഷറിയിൽ പണമടച്ച് ചെലാൻ വാങ്ങുമ്പോൾ ചെലാനിൽ തെറ്റായ അക്കൗണ്ട് ഹെഡ് ചേർക്കുന്നതുകൊണ്ടും, അപേക്ഷകളിൽ ഒട്ടിക്കുന്ന കേന്ദ്രഫീസ് സ്റ്റാമ്പുകൾ തികയാതെ വരുന്നതുകൊണ്ടും, അപേക്ഷാഫാറം തന്നെ തെറ്റി ഉപയോഗിക്കുന്നതുകൊണ്ടും അപേക്ഷകൾ നിരസിക്കപ്പെടുന്നതിനും ഇടവന്നിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഉദ്യോഗാർത്ഥികൾക്കുണ്ടായിരുന്ന കഷ്ടതകൾ പരിഹരിക്കുവാനായി 1972 ജൂൺ 6-ാം തീയതിയ്ക്കു മുമ്പ് നിലവിലിരുന്ന നടപടികളിൽ ഗണ്യമായ പരിഷ്കരണം 1972 ജൂൺ 6-ാം തീയതി മുതൽ വരുത്തിയിരിക്കുകയാണ്. ഈ പരിഷ്കരണത്തിന്റെ ഫലമായി താഴെ ചേർക്കുന്ന നടപടികൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(1) മേലാൽ അപേക്ഷാഫാറത്തിൽ തന്നെ അപേക്ഷാഫീസ് മുദ്രണം ചെയ്ത് വിൽക്കപ്പെടുന്നതാണ്. അതിനാൽ, മേലാൽ അപേക്ഷാഫീസ് ഖജനാവിൽ അടയ്ക്കുകയോ, പോസ്റ്റൽ വാങ്ങുകയോ, അപേക്ഷകളിന്മേൽ കോർട്ട്ഫീസ് സ്റ്റാമ്പ് ഒട്ടിക്കുകയോ ചെയ്യേണ്ട ആവശ്യം ഇല്ല; മാത്രമല്ല, അങ്ങനെ പോസ്റ്റൽ ഓർഡറോ, കോർട്ട്ഫീസ് സ്റ്റാമ്പുകൾ ഒട്ടിച്ചോ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതുമാണ്.

(2) പി. എസ്. ഒന്നും രണ്ടും അപേക്ഷാ ഫാറം. അതേപ്പറ്റി ഒരു അപേക്ഷാ ഫാറം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

(3) അച്ചുറപ്പിക്കയും അതിൽ കൂടുതലും അപേക്ഷാഫീസു നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കുള്ള അപേക്ഷാഫാറങ്ങളും ഈ ഇനങ്ങളിൽ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും അപേക്ഷിക്കുവാനുള്ള അപേക്ഷാ ഫീസിന്റെ കാൽഭാഗം മാത്രം വരുന്ന അപേക്ഷാ ഫീസുള്ള അപേക്ഷാ ഫാറങ്ങളും ഇംഗ്ലീഷിൽ മാത്രമേ ലഭിക്കുകയുള്ളൂ. മറ്റുള്ള അപേക്ഷാഫാറങ്ങൾ ഇംഗ്ലീഷിലോ, മലയാളത്തിലോ ലഭിക്കുന്നതായിരിക്കും. എന്നാൽ, ഏതെങ്കിലും തസ്തികയ്ക്കുള്ള കുറഞ്ഞ സാമാന്യ വിദ്യാഭ്യാസയോഗ്യത എസ്. എസ്. എൽ. സി. യോ, ഇ. എസ്. എൽ. സി. യോ, അതിൽനിന്നും ഉയർന്നതോ ആയ പരീക്ഷ പാസ്സായതാണെങ്കിൽ അപേക്ഷകൾ ഇംഗ്ലീഷു ഫാറത്തിൽ അയക്കേണ്ടതാണ്. ഇംഗ്ലീഷു ഫാറം വാങ്ങുവാൻ കിട്ടാത്ത പക്ഷം മാത്രമേ മേൽപ്പറഞ്ഞ തസ്തികകൾക്ക് മലയാളം ഫാറത്തിൽ അപേക്ഷിക്കുവാൻ പാടുള്ളൂ. മറ്റുള്ള തസ്തികകൾക്കും ഇംഗ്ലീഷു ഫാറത്തിലോ, മലയാളം ഫാറത്തിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(4) അപേക്ഷാ ഫാറങ്ങൾ താഴെ കാണുന്ന ഓഫീസുകളിൽനിന്നുമാത്രം വാങ്ങാവുന്നതാണ്:

അപേക്ഷാഫാറം	ലഭിക്കുന്ന ഓഫീസ്
15 രൂ. യുടെയും 3 രൂ. 75 പൈസയുടെയും അപേക്ഷാ ഫാറങ്ങൾ	സബ് ട്രഷറികൾ
മേൽ പറഞ്ഞവയൊഴിച്ചുള്ള എല്ലാ ഫാറങ്ങളും.	കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ബ്ലോക്കുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നല്ലാതെ മറ്റാരുടെയും പക്കൽ നിന്നും അപേക്ഷാ ഫാറങ്ങൾ വാങ്ങരുത്. പോസ്റ്റൽ മാർഗ്ഗമായി മേൽപ്പറഞ്ഞ ആഫീസുകൾക്കു പുറമെ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന്റെ പക്കൽനിന്നുകൂടി അപേക്ഷാഫാറങ്ങൾ ലഭിക്കുന്നതായിരിക്കും. പോസ്റ്റൽ മാർഗ്ഗമല്ലാതെ തിരുവനന്തപുരം പ്രസ്സ് സൂപ്രണ്ടിന്റെ പക്കൽനിന്നും ഫാറങ്ങൾ വാങ്ങുവാൻ കിട്ടുന്നതല്ല. അങ്ങനെ പോസ്റ്റൽ മാർഗ്ഗമായി അപേക്ഷാഫാറങ്ങൾ ലഭിക്കണമെങ്കിൽ അപേക്ഷാഫാറത്തിന്റെ വിലയായ 50 പൈസയും അപേക്ഷാഫാറത്തിൽ മുദ്രണം ചെയ്തിരിക്കുന്ന അപേക്ഷാഫീസിന്റെ തുകയും മേൽപ്പറഞ്ഞ ആഫീസുകളുടെ മുതലവഹിക്കുന്ന ആഫീസർമാർക്ക്—അതായത്, സബ്ട്രഷറി ആഫീസർ, ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ, മുനിസിപ്പൽ കോർപ്പറേഷൻ കമ്മീഷണർ, മുനിസിപ്പൽ കമ്മീഷണർ, എക്സിക്യൂട്ടീവ് ആഫീസർ, ഗുരുവായൂർ ടൗൺഷിപ്പ് ആഫീസർ, തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്—ആർക്കെങ്കിലും മണിയോർഡറായി അയയ്ക്കുകയും അതോടൊപ്പം ഏത് അപേക്ഷാഫീസ് മുദ്രണം ചെയ്തിട്ടുള്ളതും ഏതു ഭാഷയിലുള്ളതും (ഇംഗ്ലീഷിലോ, മലയാളത്തിലോ) ആയ ഫാറമാണ് വേണ്ടതെന്നും, അപേക്ഷിക്കുന്ന തസ്തികയ്ക്കു നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ സാമാന്യ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും ഏത് മേൽവിലാസം അച്ചടിച്ചിട്ടുള്ള കവറാണ് അപേക്ഷ അയയ്ക്കുന്നതിനുവേണ്ടി നിങ്ങൾക്ക് അയച്ചുതരേണ്ടതെന്ന് കാണിക്കുന്നതും, നിങ്ങളുടെ പേരും മേൽവിലാസവും കാണിക്കുന്നതുമായ ഒരു കത്തും, അപേക്ഷാഫാറവും കവറും നിങ്ങൾക്ക് രജിസ്റ്റർ പോസ്റ്റായി അയച്ചുതരുവാൻ വേണ്ടി 1 രൂ. 75 പൈസയുടെ പോസ്റ്റൽ സ്റ്റാമ്പുകൾ ഒട്ടിച്ചിട്ടുള്ള 30 സെന്റിമീറ്റർ നീളവും 15 സെന്റിമീറ്റർ വീതിയുമുള്ളതും നിങ്ങളുടെ മേൽവിലാസം എഴുതിയിട്ടുള്ളതുമായ ഒരു കവറും ആ ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ മുഖവുരയായി അപേക്ഷകർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ പലയിടത്ത് ആഫീസുകളിലും മൂന്ന് ഗവൺമെന്റ് പ്രസ്സുകളിലും കൂടി അപേക്ഷാ ഫാറങ്ങൾ വിൽക്കപ്പെടുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും തൽക്കാലത്തേക്കു ഈ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷാ ഫാറങ്ങൾ ലഭിക്കുന്നതല്ല. ഇവയിൽ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ നിന്ന് പോസ്റ്റൽ മാർഗ്ഗമായി മാത്രം അപേക്ഷാ ഫാറങ്ങൾ ലഭിക്കുന്നതാണ്.

(5) അപേക്ഷാ ഫാറത്തിന്റെ വില 50 പൈസയും അപേക്ഷാ ഫാറത്തിൽ മുദ്രണം ചെയ്തിട്ടുള്ള അപേക്ഷാഫീസും കൂടിയുള്ളതാണ്. ആയത് നിങ്ങൾ പണമായി അപേക്ഷ വാങ്ങുമ്പോൾ കൊടുക്കേണ്ടതാണ്. അപേക്ഷാഫാറം വാങ്ങുമ്പോൾ അപേക്ഷ ഏത് ഉദ്യോഗസ്ഥനാണ് അയച്ചുകൊടുക്കേണ്ടത് എന്ന് നിങ്ങൾ അപേക്ഷിക്കുന്ന തസ്തികയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഗസറ്റു വിജ്ഞാപനത്തിന്റെ അന്ത്യഭാഗത്ത് പറഞ്ഞിട്ടുള്ള ആ ഉദ്യോഗസ്ഥന്റെ മേൽവിലാസം അച്ചടിച്ചിട്ടുള്ള ഒരു കവർ നിങ്ങൾക്ക് ഫാറത്തോടൊപ്പം ആവശ്യപ്പെടാവുന്നതും, സൗജന്യമായി ലഭിക്കുന്നതുമാണ്. എന്നാൽ അപേക്ഷ അയയ്ക്കേണ്ടത് ഏതെങ്കിലും ഡിസ്ട്രിക്റ്റ് ആഫീസർക്കാണെങ്കിൽ "ദി ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് ബോർഡ് ആഫീസർ, ഓഫീസ് ഓഫ് ദി ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് ബോർഡ്" എന്നു മാത്രമേ ആഫീസറുടെ മേൽവിലാസമായി അച്ചടിച്ചിട്ടുള്ളൂ. കൂടാതെ അപ്രകാരം അച്ചടിച്ചിട്ടുള്ള മേൽവിലാസം 'ഡിസ്ട്രിക്റ്റ് ആഫീസർ, പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്ന് തിരുത്തിയെഴുതേണ്ടതാണ്. ഏത് ഡിസ്ട്രിക്റ്റ് ആണെന്നും ഏത് പോസ്റ്റാഫീസാണെന്നും ഗസറ്റ് വിജ്ഞാപനത്തിൽ അന്ത്യഭാഗത്ത് കൊടുത്തിട്ടുള്ള മേൽവിലാസം നോക്കി നിങ്ങൾതന്നെ പൂരിപ്പിക്കേണ്ടതാണ്. കവറിന്മേൽ ജോലിയുടെ പേരും, ഡിപ്പാർട്ടുമെന്റിന്റെയോ സ്ഥാപനത്തിന്റെയോ പേരും, നിങ്ങളുടെ മേൽവിലാസവും എഴുതുന്നതിനുള്ള സ്ഥലം സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ യഥാസ്ഥാനങ്ങളിൽ പൂരിപ്പിച്ച് അപേക്ഷാഫാറവും അതോടുകൂടി അയച്ചുകൊടുക്കേണ്ട രേഖകളും വെവ്വേറെ പൊതിയാതെ തുന്നിക്കെട്ടി കവറിലിട്ട് മതിയായ പോസ്റ്റേജ് സ്റ്റാമ്പുകൾ ഒട്ടിച്ച് അയയ്ക്കേണ്ടതാണ്. അപേക്ഷ നേരിട്ടാണ് നിങ്ങൾ സമർപ്പിക്കുന്നതെങ്കിൽ പോസ്റ്റൽ സ്റ്റാമ്പുകൾ കവറിന്മേൽ ഒട്ടിക്കേണ്ട ആവശ്യം ഇല്ല. അപേക്ഷയും രേഖകളും കവറിലിട്ടു പശവെച്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലാണെങ്കിൽ "ഗവൺമെന്റ് വി. ജി.—റിക്രൂട്ട്മെന്റ്", "കോർപ്പറേഷൻ വി. ജി.—റിക്രൂട്ട്മെന്റ്" "എക്സാമിനേഷൻ വി. ജി." എന്നീ ബോർഡുകൾ വെച്ചിട്ടുള്ള പെട്ടികളിൽ നിങ്ങൾ ഏതു വിഭാഗത്തിലേക്കാണോ അപേക്ഷിക്കുന്നത് ആ ബോർഡുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്. ജില്ലാ ആഫീസിലേക്കാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ അവിടെയും അപേക്ഷകൾ നിക്ഷേപിക്കുന്നതിനുള്ള പെട്ടി ഉണ്ടായിരിക്കും. അതിൽ നിക്ഷേപിക്കേണ്ടതാണ്.

(6) അപേക്ഷാഫാറങ്ങൾ കൃത്യമായി പൂരിപ്പിക്കുന്നതിനും അവ കമ്മീഷനിൽ വിൽക്കപ്പെടാതിരിക്കുന്നതിനുംവേണ്ടി ചില പ്രത്യേക മുൻകരുതലുകൾ ചെയ്തിട്ടുണ്ട്. അതായത് അപേക്ഷാഫാറം അപേക്ഷകന്റെ പേരിൽ തന്നെ വിൽക്കണമെന്നും, അപേക്ഷ

[illegible]

(8) [illegible]

(9) [illegible]

(10) [illegible]

(11) [illegible]

(12) [illegible]

(13) [illegible] (Sheet) [illegible]

[illegible]